# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ | |
|---|---|
| DECEMBER 31 | 2019 |



## ശബരിമല പത്രക്കുറിപ്പ്-1

ഫോൺ : 04735-202664

www.sabarimala.kerala.gov.in, prdsabarimala2020@gmail.com

---

***അയ്യപ്പദർശനത്തിന്റെ കാൽനൂറ്റാണ്ട് തികയ്ക്കാൻ പ്രാർത്ഥനാപൂർവ്വം തമിഴ്നാട്ടിൽ നിന്നൊരു മാളികപ്പുറം***

ശബരിമല:ഇക്കുറി അയ്യനെ തൊഴുതപ്പോൾ 74 വയസുള്ള ഈ മാളികപ്പുറം ആദ്യം പ്രാർഥിച്ചത് ഇതാണ്:'അടുത്തകൊല്ലവും തിരുനടയിലെത്തി അയ്യപ്പസ്വാമിയെ കൺനിറയെക്കണ്ട് തൊഴാൻ അനുഗ്രഹിക്കണേ.അങ്ങനെ 25 കൊല്ലം തുടരെ ഇരുമുടിയുമായി മലചവിട്ടാനുള്ള അപൂർവ്വ ഭാഗ്യം നൽകണേ'.

ഇത് തമിഴ്നാട് ആർക്കോണം ജ്യോതിനഗറിലെ ജവഹർനഗറിൽ താമസിക്കുന്ന സീതാലക്ഷ്മി.50 വയസുമുതൽ തുടരെ 24 വർഷമായി അയ്യപ്പസന്നിധാനത്ത് വ്രതം നോറ്റെത്തുന്ന മാളികപ്പുറം.നിനച്ചിരിക്കാതെ കൈവന്ന അസുലഭ ഭാഗ്യമാണ് സീതാലക്ഷ്മിക്ക് ആദ്യ അയ്യപ്പദർശനം.

1994-95ലെ ശബരിമല തീർത്ഥാടനകാലത്ത് സീതാലക്ഷ്മിയുടെ മകൻ ഗോപാലകൃഷ്ണന്റെ മാലയിടൽ ചടങ്ങ് നടക്കുകയായിരുന്നു.വീട്ടിൽ നടന്ന ചടങ്ങിൽ ഗുരുസ്വാമി ഗോപാലകൃഷ്ണന് മാലയിടാൻ തുടങ്ങിയതും കറന്റ്

പോയി. ചുറ്റും ഇരുട്ടു പരക്കുമ്പോൾ ഗുരുസ്വാമി പൂജിച്ച മാല ഇട്ടു. എന്നാൽ മാല വീണത് ഗോപാലകൃഷ്ണന്റെ കഴുത്തിലല്ല;അമ്മ സീതാലക്ഷ്മിയുടെ കഴുത്തിൽ.അത് അയ്യപ്പ ഭഗവാന്റെ പ്രത്യേക നിയോഗമായി കരുതിയ സീതാലക്ഷ്മി അന്നുമുതൽ പിന്നീടിങ്ങോട്ട് ഒരിക്കൽ പോലും ശബരിമല ദർശനം മുടക്കിയിട്ടില്ല.

വരും തീർത്ഥാടന കാലത്ത് അയ്യപ്പ ദർശനത്തിന്റെ കാൽ നൂറ്റാണ്ട് തികക്കും എന്നതിൽ ഉറച്ച വിശ്വാസം.'ആ മുഖത്തേക്ക് നോക്കിയാൽ തന്നെ ദു:ഖം തീരുകയല്ലേ.... വിഷമങ്ങൾ ഒന്നും പറയേണ്ട കാര്യമില്ലല്ലോ. എല്ലാവർക്കും തോന്നുന്ന പോലെ തന്നെ എന്റെ സ്വന്തംവീട്ടിലെ ആളെ പോലെയാണ് എനിക്കും എന്റെ അയ്യപ്പൻ '.മാളികപ്പുറം പറഞ്ഞുതീരില്ല,അയ്യനെക്കുറിച്ച്.

ബന്ധുക്കൾക്കും നാട്ടുകാർക്കുമൊപ്പമാണ് സീതാലക്ഷ്മിയുടെ തീർത്ഥാടനം.ഇവിടെയൊരുക്കിയിട്ടുള്ള ക്രമീകരണങ്ങളിൽ മതിപ്പേറെയാണിവർക്ക്.പ്രത്യേകിച്ച് പൊലീസിൽ.''കണ്ണടച്ച് പൊലീസിനെ വിശ്വസിക്കാം.സ്വന്തം അമ്മയെപ്പോലെയാണവർ നോക്കുന്നത്.എന്തു സഹായവും ചെയ്തുതരും.പണമടക്കം വിശ്വസിച്ചേൽപ്പിച്ച് പതിനെട്ടാംപടി കയറിയിട്ടുണ്ട്.ഒരു കുഴപ്പവുമുണ്ടായിട്ടില്ല'-സീതാലക്ഷ്മി പറഞ്ഞു.

കുടിവെള്ളം,ഭക്ഷണം,ടോയ്‌ലറ്റ് സൗകര്യങ്ങൾ ഒക്കെ തികച്ചും തൃപ്തികരമെന്ന് പറഞ്ഞ്
ശരണം വിളിയോടെ സീതാലക്ഷ്മി സന്നിധാനത്തോട് തത്കാലത്തേക്ക് യാത്ര പറഞ്ഞു.

(പി.ആർ. ശബരി-259)

## *ആരോഗ്യവകുപ്പ് ചികിത്സയൊരുക്കിയത് 1,54,666 പേർക്ക്;ഹൃദയാഘാതമുണ്ടായ 134പേരെ രക്ഷിച്ചു*

ശബരിമല:ഇക്കൊല്ലത്തെ തീർത്ഥാടന കാലത്ത് ശബരിമലയിൽ ഇതുവരെ ഹൃദയാഘാതം
റിപ്പോർട്ട് ചെയ്തത് 153 പേർക്ക്. 1193 അപസ്മാര കേസുകൾ ഉൾപ്പടെ 1,54,666 പേർ ആരോഗ്യവകുപ്പിന്റ വിവിധ ആശുപത്രികളിൽ സേവനം തേടിയതായി ഹെൽത്ത് നോഡൽ ഓഫീസർ ഡോ.പ്രശോഭ് അറിയിച്ചു.

ഹൃദയാഘാതം വന്നവരിൽ 20 വയസുമുതൽ 76 വയസുവരെയുള്ളവരുണ്ട്.ഇവരിൽ 134 പേരേയും രക്ഷിച്ചെടുക്കാൻ ആരോഗ്യ വകുപ്പിനായി.എല്ലാ പ്രധാന കേന്ദ്രങ്ങളിലും കാർഡിയോളജിസ്റ്റിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. പമ്പ മുതൽ സന്നിധാനം വരെ 15 എമർജൻസി മെഡിക്കൽ സെന്ററുകൾ പ്രവർത്തിക്കുന്നു.ഹൃദയാഘാതം ഉണ്ടായാൽ ഷോക്ക് നൽകി ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരാനുള്ള ഓട്ടോമെറ്റഡ് ഡിബ്രിഫ്രിലേറ്റർ

സംവിധാനവും ഇവിടങ്ങളിൽ ഒരുക്കിയിട്ടുണ്ട്.

ഇതുവരെ 36794 പേർ എമർജൻസി മെഡിക്കൽ സെന്ററുകളിൽ ചികിത്സ തേടി.ഇതിൽ ഗുരുതരമായ ആരോഗ്യപ്രശ്നം ബാധിച്ച 493 പേരെ സുരക്ഷിതമായി ആശുപത്രികളിൽ എത്തിക്കാൻ സാധിച്ചു. കാർഡിയോളജി സെന്ററുകളിൽ മെഡിക്കൽ കോളേജിലെ കാർഡിയോളജിസ്റ്റിന്റെ സേവനം 24 മണിക്കൂറും ഉറപ്പ് വരുത്തിയിട്ടുണ്ട്.

(പി.ആർ. ശബരി-260)

## *ആരോഗ്യ പ്രശ്നങ്ങൾ ഒഴിവാക്കാൻ തീർത്ഥാടകർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ*

പമ്പ മുതൽ ശബരിമല വരെയുള്ള ദീർഘദൂര കയറ്റം ആരോഗ്യമുള്ള ഒരാളിൽ പോലും വിവിധ ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കിയേക്കാം. പ്രായമായവർക്കും കുട്ടികൾക്കും രോഗികൾക്കും വളരെ പെട്ടെന്ന് ആരോഗ്യ പ്രശ്നങ്ങളുണ്ടാകാൻ സാധ്യതയുണ്ട്. സമയോചിതമായ ഇടപെടലിലൂടെ ഈയൊരു ഗുരുതര സാഹചര്യം മനസിലാക്കി ആരോഗ്യ വകുപ്പിന്റെ നിർദേശങ്ങൾ പാലിക്കുക.

## *മല കയറുമ്പോൾ നിർബന്ധമായും ശ്രദ്ധിക്കേണ്ടവ*

1. എല്ലാ പ്രായത്തിലുമുള്ള തീർത്ഥാടകരും സാവധാനം മലകയറണം.
2. ലഘു ഭക്ഷണം കഴിച്ചതിനുശേഷം മലകയറുന്നതാണ് നല്ലത്.
3. 45 വയസിന് മുകളിലുള്ള എല്ലാ തീർഥാടകരും പ്രത്യേകിച്ച് പാരമ്പര്യമായി ഹൃദയ സംബന്ധമായ പ്രശ്നങ്ങളോ രക്താതിമർദ്ദമോ ഉള്ളവർ മലകയറുന്നതിന് മുമ്പ് വൈദ്യ പരിശോധനയ്ക്ക് വിധേയരാകണം.
4. സ്ഥിരമായി മരുന്ന് കഴിക്കുന്ന തീർത്ഥാടകർ വ്രതത്തിന്റെ ഭാഗമായി മരുന്നുകൾ കഴിക്കുന്നത് നിർത്തരുത്.
5. ആസ്ത്മ രോഗികളും അലർജിയുമായി ബന്ധപ്പെട്ട ശ്വസന പ്രശ്നങ്ങൾ അനുഭവിക്കുന്നവരും മലകയറുമ്പോൾ കൂടുതൽ ശ്രദ്ധിക്കണം. ആരോഗ്യവകുപ്പ് കാനനപാതയിൽ നടത്തുന്ന ഓക്സിജൻ പാർലറുകൾ ഉപയോഗിക്കണം. ശ്വാസകോശ ശേഷി വർദ്ധിപ്പിക്കുന്നതിനായി ആത്സ്മ രോഗികൾ അവരുടെ വ്യായാമത്തിൽ ഓട്ടവും എയറോബിക് വ്യായാമവും ഉൾപ്പെടുത്തി മല കയറ്റത്തിന് മുൻകൂട്ടി തയ്യാറാകണം.

(പി.ആർ. ശബരി-261)

## *തീർത്ഥാടകർ അസ്വാസ്ഥ്യമുണ്ടായാൽ പാലിക്കേണ്ട നിർദ്ദേശങ്ങൾ*

1. ആരോഗ്യ വകുപ്പിന്റെ കൺട്രോൾ റൂം നമ്പർ 04735-203232 എന്ന നമ്പറിൽ ബന്ധപ്പെട്ട് ലോക്കേഷൻ, എന്ത് തരം ബുദ്ധിമുട്ട് ആണ്,എത്ര പേർക്ക് ബുദ്ധിമുട്ട് എന്നും അറിയിക്കുക.

2. കൺട്രോൾ റൂമിൽ നിന്നും ഏറ്റവും അടുത്ത എമർജൻസി മെഡിക്കൽ സെന്ററിൽ സെക്കൻഡുകൾക്കുള്ളിൽ ഈ വിവരം അറിയിക്കുകയും ജീവനക്കാരെ ലൊക്കേഷനിൽ എത്തിക്കുകയും ചെയ്യും. അതോടൊപ്പം തന്നെ അടുത്ത അയ്യപ്പ സേവാ സംഘം സ്ട്രെക്ച്ചർ, അടുത്ത ആശുപത്രി എന്നിവിടങ്ങളിൽ ഈ വിവരം അറിയിക്കും.ആവശ്യമെങ്കിൽ ആംബുലൻസ് സൗകര്യം ഈ കൺട്രോൾ റൂമിൽ നിന്നും എത്തിക്കും.

3. സ്ഥലത്തെത്തുന്ന എമർജൻസി മെഡിക്കൽ സെന്റർ സ്റ്റാഫ് നഴ്സ് രോഗിയെ പരിശോധിക്കുകയും, വേണ്ട പ്രാഥമിക ശുശ്രൂഷ നൽകുകയും, ആശുപത്രിയിലേക്ക് മാറ്റുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യും. ആവശ്യമുള്ള സന്ദർഭങ്ങളിൽ രോഗിയോടൊപ്പം ഈ സ്റ്റാഫ് നഴ്സ് ആശുപത്രി വരെ അനുഗമിക്കും.

4.ആദ്യ മിനുട്ടുകൾ എമർജൻസി രോഗികൾക്ക് ബേസിക് ലൈഫ് സപ്പോർട്ട് നൽകിയാൽ അവരെ ജീവിതത്തിലേക്ക് തിരികെ കൊണ്ട് വരാനുള്ള സാധ്യതകൾ വളരെ കൂടുതലാണ്,അത് കൊണ്ട് തന്നെ ആശുപത്രിയിൽ എത്തിക്കുന്നതിന് മുന്നേ സി പി ആർ ഉൾപ്പെടെ ബേസിക് ലൈഫ് സപ്പോർട്ട് നൽകേണ്ടത് അത്യാവശ്യമാണ്.

(പി.ആർ. ശബരി-262)

## *ഫോട്ടോ അടിക്കുറിപ്പ്*

തമിഴ്നാട് സ്വദേശിനി സീതാലക്ഷ്മി


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 31 | 2019 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664

www.sabarimala.kerala.gov.in, prdsabarimala2020@gmail.com

---

### *തൂക്കിയും അളന്നും നിലവാരം നോക്കിയും സ്ക്വാഡ് പരിശോധന: ക്രമക്കേടുകൾ കണ്ടെത്തി;പഴകിയ ഭക്ഷ്യവസ്തുക്കൾ പിടികൂടി*

ശബരിമല:സന്നിധാനത്ത് ഡ്യൂട്ടി മജിസ്ട്രേറ്റ് എസ്.എൽ.സജികുമാറിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പ് ഉദ്യോഗസ്ഥർ ഹോട്ടലുകളിലും മറ്റു വ്യാപാര സ്ഥാപനങ്ങൾ ഉൾപ്പെടെ വിവിധ കേന്ദ്രങ്ങളിലും നടത്തിയ സ്ക്വാഡ് പരിശോധനയിൽ വ്യാപക ക്രമക്കേടുകൾ കണ്ടെത്തി.പഴകിയ ഭക്ഷണസാധനങ്ങൾ പിടികൂടി.

പത്ത് ഹോട്ടലുകളിൽ നടത്തിയ പരിശോധനയിൽ മിക്കവയ്ക്കും ഹെൽത്ത് കാർഡില്ലെന്ന് കണ്ടെത്തി.ഇവയ്ക്ക് കർശന താക്കീത് നൽകി.പഴകിയ എണ്ണയും പഴങ്ങളും മറ്റ് ആഹാര സാധനങ്ങളും പിടിച്ചെടുത്ത് ഹോട്ടൽ നടത്തിപ്പുകാരെക്കൊണ്ട് തന്നെ നശിപ്പിച്ചു.ഇവർക്കെതിരെ ശിക്ഷാനടപടികൾക്ക് നീക്കം തുടങ്ങി.

അളവിലും തൂക്കത്തിലും ഗുണനിലവാരത്തിലും വിലയിലും കൃത്രിമം കാട്ടിയ കടകൾക്കെതിരെ നിയമനടപടികൾ പൂർത്തിയാക്കി പിഴ

ഈടാക്കും.പാത്രങ്ങളും ചെരുപ്പുകളും വിൽക്കുന്ന കടകളിലാണ് പരിശോധന നടന്നത്.കൂടുതലും ഇതര സംസ്ഥാനക്കാരാണ് തട്ടിപ്പിനിരയാകുന്നതെന്ന് ഡ്യൂട്ടി മജിസ്ട്രേറ്റ് എസ്.എൽ.സജികുമാർ പറഞ്ഞു.

വൻ ഭക്തജനത്തിരക്കിന്റെ പശ്ചാത്തലത്തിൽ വിരിവയ്പ്പ് ഇടങ്ങളിലും ടോയ് ലറ്റുകളിലും പരിശോധന നടത്തിയ സ്ക്വാഡ് ക്ലീനിംഗ് സൂപ്പർവൈസർമാരുടെയും സാനിറ്റേഷൻ സൊസൈറ്റിയുടെയും സേവനം ഉറപ്പാക്കാൻ വേണ്ട ക്രമീകരണങ്ങൾ നിർദേശിച്ചു.പുകവലിക്കാർക്ക് കർശന താക്കീതും നൽകി.

ഡ്യൂട്ടി മജിസ്ട്രേറ്റിന്റെ നേതൃത്വത്തിൽ റവന്യു,ലീഗൽ മെട്രോളജി,ഹെൽത്ത്,റേഷനിംഗ്,എക്സൈസ് ഉദ്യോഗസ്ഥർ ഉൾപ്പെട്ട സ് ക്വാഡ് വരും ദിവസങ്ങളിലും പരിശോധന തുടരുമെന്ന് റവന്യു ഇൻസ്പെക് ടർ ബിജു അറിയിച്ചു.

(പി.ആർ. ശബരി-263)

## *ശബരിമല നാളത്തെ (01-01-2020) ചടങ്ങുകൾ*

പുലർച്ചെ 2.45 ന് പള്ളിയുണർത്തൽ
3 മണിക്ക് തിരുനട തുറക്കൽ
3.05 ന് നിർമ്മാല്യ ദർശനം
3.10 ന് അഭിഷേകം
3.15 മുതൽ 7 മണി വരെ നെയ്യഭിഷേകം
3.30 ന് ഗണപതിഹോമം
7.30 ന് ഉഷപൂജ
8 മണി മുതൽ 11.15 വരെ നെയ്യഭിഷേകം തുടരും
11.45ന് കലശാഭിഷേകം
12 മണിക്ക് കളഭാഭിഷേകം
12.30ന് ഉച്ചപൂജ
1 മണിക്ക് നട അടയ്ക്കും
വൈകുന്നേരം 5 മണിക്ക് നട തുറക്കൽ
6.30ന് ദീപാരാധന
7 മണിക്ക് പുഷ്പാഭിഷേകം
9.30 ന് അത്താഴപൂജ
രാത്രി 10.50 ന് ഹരിവരാസനം പാടി 11 മണിക്ക് നട അടയ്ക്കും

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 31 | 2019 |
|---|---|



## ശബരിമല പത്രക്കുറിപ്പ്-3

ഫോൺ : 04735-202664

www.sabarimala.kerala.gov.in, prdsabarimala2020@gmail.com

---

### *പുതുവത്സരം:ശബരിമലയിൽ വൻ ഭക്തജനത്തിരക്ക്*

ശബരിമല:പുതുവത്സരത്തോടനുബന്ധിച്ച് ശബരീശനെ തൊഴാൻ ശബരിമലയിൽ വൻ ഭക്തജന തിരക്ക്. 2019ന്റെ അവസാനദിനം വൈകിട്ട് ഏഴുമണി വരെ പ്രാഥമിക കണക്ക് അനുസരിച്ച് 63803 പേരാണ് അയ്യനെ കാണാൻ മല ചവിട്ടിയത്. പമ്പ വഴി 62753 പേരും പുല്ലുമേട്ടിലൂടെ 1050 പേരുമാണ് ഏഴു മണി വരെ ദർശനത്തിനെത്തിയതെന്ന് പൊലീസ് അറിയിച്ചു.

മകരവിളക്കിന് നട തുറന്ന ശേഷം സന്നിധാനത്ത് തീര്ഥാടകപ്രവാഹമാണ് അനുഭവപ്പെടുന്നത്. തിങ്കളാഴ്ച പമ്പയിൽനിന്ന് 22009 പേരും പുൽമേട്ടിൽ നിന്ന് 989 പേരും ദർശനത്തിനെത്തിയതായാണ് ആദ്യ കണക്കുകൾ. ചൊവ്വാഴ്ച രാവിലെ മുതൽ തുടങ്ങിയ തിരക്ക് നേരം വൈകുംതോറും വർധിക്കുകയാണ്.ദീപാരാധന സമയത്ത് വൻ ഭക്തജനത്തിരക്കനുഭവപ്പെട്ടു.നെയ്യഭിഷേകത്തിനും വലിയ തിരക്കുണ്ടായി.പുതുവർഷപ്പുലരിയിൽ അയ്യനെ തൊഴാൻ സന്നിധാനത്ത്

തുടരുകയാണ് പലതീർത്ഥാടകരും.

തിരക്ക് അധികമായതോടെ പൊലീസ് സുരക്ഷ ഏർപ്പാടുകൾ കൂടുതൽ ശക്തമാക്കി. മണ്ഡലകാലത്തെ പോലെ തന്നെ തന്നെ തമിഴ്നാട്, കർണാടക, ആന്ധ്രാ, തെലങ്കാന സംസ്ഥാനങ്ങളിൽ നിന്നുള്ള ഭക്തരാണ് കൂടുതലായി എത്തുന്നത്. തമിഴ്നാട് റവന്യൂ മന്ത്രി ആർ ബി ഉദയകുമാർ ചൊവ്വാഴ്ച വൈകിട്ട് ശബരിമല ദർശനത്തിനെത്തി.

(പി.ആർ. ശബരി-264)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.